TM241335A

Reg. No :...............................

Name :.................................

**MASTER'S DEGREE (C.S.S) EXAMINATION, NOVEMBER 2024**

**2024 ADMISSIONS REGULAR**

**SEMESTER I - CORE COURSE MALAYALAM**

**MA1C04M - Sahithya Rachanasankethangal**

**Time : 3HRS Hours** **Maximum Weight : 30**

## Part A

**I. Answer any Eight questions. Each question carries 1 weight** **(8x1=8)**

1. നാടകീയ ഭാവഗാനങ്ങൾ ആത്മനിഷ്ഠങ്ങളാകുന്നതെങ്ങനെ?
2. തുള്ളൽവിഭാഗങ്ങൾ എത്ര വിധം? ഏതെല്ലാം?
3. പ്രാചീനചമ്പുക്കളിൽ നിന്ന് എപ്രകാരമാണ് മധ്യകാലചമ്പുക്കൾ വ്യത്യാസപ്പെട്ടിരിക്കുന്നത്?
4. രസസൂത്രം എന്നാലെന്തെന്നു നിർവ്വചിക്കുക.
5. സാമ്യോക്തി , വാസ്തവോക്തി എന്നിവയെ നിർവ്വചിക്കുക.
6. കവിതാ പാരായണത്തിൻറെ പടവുകളെക്കുറിച്ചുള്ള മിഖായേൽ റിഫാറ്ററുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
7. സിംബലും ഇമേജും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെ?
8. അനുകല്പനം എന്നാൽ എന്ത്?
9. വൃത്തം,ഛന്ദസ്സ് എന്നിവയെ ഉദാഹരണ സഹിതം പരിചയപ്പെടുത്തുക.
10. മഞ്ജരീവൃത്തത്തിൻറെ ലക്ഷണവും ഉദാഹരണവും എഴുതുക.

## Part B

**II. Answer any Six questions. Each question carries 2 weight** **(6x2=12)**

11. മലയാളത്തിലെ ആധുനിക കവിതകളിൽ സംഭവിച്ച രൂപപരമായ പരിണാമങ്ങൾ എന്തെല്ലാം?
12. സമാന്തരമായി വളർന്നുവന്ന രണ്ട് കാവ്യരൂപങ്ങളാണ് പാട്ടും മണിപ്രവാളവും - ഉപപാദിക്കുക.
13. 'സാങ്കേതികതയുടെ ചട്ടക്കൂടിനകത്ത് നിന്നതുകൊണ്ടാവാം മഹാകാവ്യങ്ങളുടെ കൂമ്പടഞ്ഞുപോയത്'- വിമർശനാത്മകമായി വിലയിരുത്തുക.
14. ' ഗുണീഭൂതവ്യംഗ്യമെല്ലാം അലങ്കാരങ്ങളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്നു ' - ഈ പ്രസ്താവനയ്ക്ക് കാരണമെന്ത് ?
15. നവരസങ്ങൾ ഏവ? ചുരുക്കി വിവരിക്കുക.
16. കവിത കവിവ്യക്തിത്വത്തിൻറെ ആവിഷ്കാരമല്ലെന്ന് ടി. എസ് . എലിയറ്റ് പറയാൻ കാരണമെന്ത് ?
17. ബഹുസ്വരത, ഹെറ്ററോഗ്ളോസിയ എന്നിവയ്ക്ക് മിഖായേൽ ബക്തിൻ നൽകുന്ന പ്രാധാന്യം എന്ത്?
18. ഇന്ദ്രവംശയും വംശസ്ഥയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ?

## Part C

**III. Answer any Two questions. Each question carries 5 weight** **(2x5=10)**

19. സാമ്യോക്തി വിഭാഗത്തിൽ ഏറ്റവും പ്രധാനപ്പെട്ട അലങ്കാരമെന്ന നിലയിൽ ' ഉപമ'യെ വിശദീകരിക്കുക.
20. ഇമേജ് എന്നാൽ എന്ത്? ഇമേജറികൾ വിശദമാക്കി ഇമേജിസ്റ്റ് തത്വങ്ങൾ അപഗ്രഥിക്കുക.
21. വാമൊഴിക്കഥകളിലെ ആഖ്യാനവഴികൾ വിശദീകരിക്കുക.
22. ഭാഷാവൃത്തങ്ങളും സംസ്കൃതവൃത്തങ്ങളും തമ്മിലുള്ള പ്രധാന സാജാത്യ വൈജാത്യങ്ങളെ വിലയിരുത്തുക.